# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1322

04.12.14 ൽ - മറുപടിക്ക്

## റേഷൻകടകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിററയം ഗോപകുമാർ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) പൊതുവിതരണ ശൃംഖല ശാക്തീകരണത്തിനായി റേഷൻ കടകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) & (ബി) | ഇതിനായി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ താഴെപറയുന്ന കാര്യങ്ങൾ ശുപാർശ ചെയ്തിരിക്കുന്നു.<br><br>1. സിവിൽ സപ്ലൈസ് കമ്മീഷണർ തയ്യാറാക്കിയ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട DPR അടിയന്തര പ്രധാന്യത്തോടുകൂടി നടപ്പിലാക്കുക.<br><br>2. ധാന്യങ്ങൾ സംഭരിക്കുന്നതിനാവശ്യമായ സംഭരണ ശാലകൾ നിർമ്മിക്കുക, ഡോർ ടു ഡോർ സമ്പ്രദായം കഴിയുന്നതും വേഗം നടപ്പിലാക്കുക.<br><br>3. ഇതു നടപ്പിലാക്കുന്നതിനായി വേണ്ടി വരുന്ന ചെലവുകളുടെ വിശദാംശങ്ങൾ കമ്മീഷൻ മുമ്പാകെ ലഭിച്ചിട്ടില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വകുപ്പുതലത്തിൽ ധനകാര്യവകുപ്പുമായി ചേർന്ന് പരിശോധിക്കേണ്ടതാണ്, എല്ലാ എ.പി.എൽ. ഉപഭോക്താക്കളുടേയും സബ്സിഡി ബാങ്ക് അക്കൗണ്ട് വഴി ആക്കുന്നതിനുള്ള നടപടികൾ 2 മാസത്തിനുള്ളിൽ തുടങ്ങേണ്ടതാണ്, മൊത്തവിതരണ ഡിപ്പോകളുടെ പ്രവർത്തനം സപ്ലൈകോ ഏറ്റെടുക്കേണ്ടതാണ്. |
| (ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | | |
| (സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കുമോ ; | (സി) | കമ്മീഷന്റെ ശുപാർശകൾ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | റേഷൻ കടകളുടെ കമ്പ്യൂട്ടർ-വൽക്കരണം സംബന്ധിച്ച് നാളിതുവരെയുള്ള പുരോഗതി ജില്ല തിരിച്ച് അറിയിക്കുമോ; | (ഡി) | തിരുവനന്തപുരം ജില്ലയിൽ മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ 6 കടകളിൽ എ.പി.എൽ. (എസ്.എസ്) സബ്സിഡി നേരിട്ട് നൽകുന്നതിനായി പ്രീ പൈലറ്റ് പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 6 റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. ഈ കടകളിലെല്ലാം തറ ടൈൽ പാകി വൃത്തിയാക്കുകയും ഇലക്ട്രിക്കൽ വയറിംഗ് നടത്തുകയും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുകയും ചെയ്തു. റേഷൻ സാധനങ്ങൾ സപ്ലൈകോ നേരിട്ട് കടകളിൽ ലഭ്യമാക്കുകയും ചെയ്തു. ഗുണഭോക്താക്കളെ ആധാർ മുഖേന തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ആധാർ എല്ലാ കാർഡുടമകൾക്കും ലഭ്യമാകാതിരുന്നതും ലഭ്യമായ കാർഡുടമകളുടെ തന്നെ ബയോമെട്രിക് ആതന്റിക്കേഷൻ നടത്തുന്നതിന് പല തടസ്സങ്ങൾ നേരിടുകയുണ്ടായി. |
| (ഇ) | റേഷൻകടകൾ സമയബന്ധിതമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ? | (ഇ) | സമയ ബന്ധിതമായി മുഴുവൻ റേഷൻ കടകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ 14 കടകളിൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ